## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4998

14.11.2019-ൽ മറുപടിയ്ക്ക്

## ഹൗസിംഗ് വകുപ്പിലെ നിയമന രീതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ജോയി | ശ്രീ. ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഹൗസിംഗ് (ടെക്നിക്കൽ സെൽ) വകുപ്പിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) 19.04.1986-ലെ സ.ഉ.(സാധാ)നം.64/86/ഭവനം ഉത്തരവ് പ്രകാരം ഹൗസിംഗ് കമ്മീഷണറേറ്റിൽ 18 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) വകുപ്പിലെ നിയമനരീതി വ്യക്തമാക്കാമോ; | (ബി) ഹൗസിംഗ് (ടെക്നിക്കൽ സെൽ) വകുപ്പിൽ നിലവിൽ ചീഫ് പ്ലാനർ (ഹൗസിംഗ്), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥ പ്രകാരവും, അസിസ്റ്റന്റ് എഞ്ചിനീയർ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2, ക്ലാർക്ക്, ഡ്രൈവർ ഗ്രേഡ് 2, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ പി.എസ്.സി. മുഖേനയുമാണ് നിയമനം നടത്തുന്നത്. |
| (സി) പ്രസ്തുത വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അവസരമില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ജില്ലാ കാര്യാലയങ്ങളോ, ഉപകാര്യാലയങ്ങളോ ഇല്ലാത്തതിനാൽ ജീവനക്കാർക്ക് പ്രമോഷൻ സാധ്യത വിരളമാണ് എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |

(ഡി) ഹൗസിംഗ് കമ്മീഷണർ വകുപ്പിലെ ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് മുമ്പ് ഏത് വകുപ്പിൽ നിന്നാണ് നിയമനം നടത്തി വന്നിരുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) ഹൗസിംഗ് കമ്മീഷണറേറ്റിലെ ഒഴിവുകളിൽ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 2004 വരെയും, ക്ലാർക്ക് തസ്തികയിൽ 2009 വരെയും ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നുമാണ് നിയമനം നടത്തിയിരുന്നത്. 2004 മുതൽ ഡ്രൈവർ ഗ്രേഡ് 2 തസ്തികയിലും, തുടർന്ന് ഓഫീസ് അറ്റൻഡന്റ്, ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകളിലും പി.എസ്.സി. മുഖേനയാണ് നിയമനം നടത്തി വരുന്നത്.

സെക്ഷൻ ഓഫീസർ